**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1389** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം വെളിപ്പെടുത്താമോ;

**<u>മറുപടി:</u>** കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2026 ജൂൺ 24 വരെ ആകെ 23,58,194 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(ബി)** ഇവരിൽ ഉന്നത വിദ്യാഭ്യാസമുള്ളവരുടെ എണ്ണമെത്ര, ഡോക്ടർമാരെത്ര, എഞ്ചിനീയർമാരെത്ര, എം.ബി.എ.ക്കാരെത്ര, ഐ.റ്റി.ഐ.ക്കാരെത്ര, പോളി ടെക്നിക്കുകാരെത്ര, ഇതര സാങ്കേതിക വിദ്യാഭ്യാസമുള്ളവരെത്ര, പ്ലസ്ടു വരെയുള്ളവരെത്ര, 5-ാം ക്ലാസിന് താഴെയുള്ളവരെത്ര എന്നതിന്റെ പട്ടിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

**(സി)** കഴിഞ്ഞ 10 വർഷ കാലയളവിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് വിവിധ തസ്തികകളിൽ ജോലി ലഭിച്ചവരെത്ര എന്നതിന്റെ വിവരം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി രജിസ്റ്റർ ചെയ്തവരിൽ നിന്നും ആകെ 1,18,786 ഉദ്യോഗാർത്ഥികൾക്ക് കഴിഞ്ഞ 10 വർഷ കാലയളവിൽ (2016 ജനുവരി മുതൽ 2025 ഡിസംബർ വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## <u>അനുബന്ധം</u>

### <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളുടെ വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയ പട്ടിക</u>

| | |
|---|---|
| ഉന്നത വിദ്യാഭ്യാസമുള്ളവർ (ബിരുദാനന്തര ബിരുദവും, പ്രൊഫഷണൽ യോഗ്യതയും) | 135582 |
| ഡോക്ടർ | 8333 |
| എഞ്ചിനീയർ | 29766 |
| എം.ബി.എ | 5720 |
| ഐ.റ്റി.ഐ | 86168 |
| പോളിടെക്ക്നിക്ക് | 35384 |
| ഇതര സാങ്കേതിക വിദ്യാഭ്യാസമുള്ളവർ | 2886 |
| പ്ലസ് ടു | 1254372 |
| അഞ്ചാം ക്ലാസ്സിന് താഴെയുള്ളവർ | 6728 |

സെക്ഷൻ ഓഫീസർ